## ഭരണഭാഷ - മാതൃഭാഷ

നം: എ-5274/18

ജില്ലാ സാമൂഹ്യനീതി ഓഫീസ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്,
തീയതി : 31/10/2018
ഇ-മെയിൽ - dswopkdswd@gmail.com
ഫോൺ:- 0491-2505791.

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്.

Office of The District Social Justice Officer
Palakkad 678 001
Civil Station

ശ്രീ. നിസാർ തെക്കുമുറി,
അമ്പാട്ട്പറമ്പിൽ ഹൗസ്,
ചെത്തല്ലൂർ പി.ഒ,
പാലക്കാട്.

സർ,

വിഷയം:- ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട്, - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 06/10/2018 തീയതിയായ വിവരാവകാശ അപേക്ഷ

-----

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. താങ്കളുടെ സൂചന പ്രകാരമുള്ള വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി താഴെ കൊടുക്കുന്നു.

ചോദ്യ നമ്പർ:1) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച ലിസ്റ്റിലെ ഗുണഭോക്താക്കൾക്കായി 19/03/18 ജില്ലാ ആശുപത്രിയിൽ വെച്ച് നടന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഭിന്നശേഷിക്കാരായ ആളുകളെ പരിശോധിച്ച് അർഹരായ ആളുകളെയാണ് മുച്ചക്രവാഹനം നൽകുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

ചോദ്യ നമ്പർ:2) 57 വാഹനങ്ങൾ

ചോദ്യ നമ്പർ:3)

| | | |
|---|---|---|
| അലനല്ലൂർ ഗ്രാമപഞ്ചായത്ത് | - | 2 പേർ |
| തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | - | 15 പേർ |
| കാരാകുറുശ്ശി ഗ്രാമപഞ്ചായത്ത് | - | 2 പേർ |
| എലവഞ്ചേരി ഗ്രാമപഞ്ചായത്ത് | - | 8 പേർ |
| കേരളശ്ശേരി ഗ്രാമപഞ്ചായത്ത് | - | 3 പേർ |
| കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | - | 17 പേർ |
| കോട്ടായി ഗ്രാമപഞ്ചായത്ത് | - | 7 പേർ |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | - | 5 പേർ |
| മേലാർക്കോട് ഗ്രാമപഞ്ചായത്ത് | - | 9 പേർ |

......2

| | | |
|---|---|---|
| വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | - | 5 പേർ |
| കൊടുവായൂർ ഗ്രാമപഞ്ചായത്ത് | - | 6 പേർ |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | - | 1 ആൾക്ക് |
| മുണ്ടൂർ ഗ്രാമപഞ്ചായത്ത് | - | 1 ആൾക്ക് |

ചോദ്യ നമ്പർ:4) തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഗുണഭോത്കൃത ലിസ്റ്റിലെ 11 പേർക്ക് മുച്ചക്ര വാഹനം അനുവദിച്ചു. ഗ്രാമ പഞ്ചായത്തുകൾ അവരുടെ വിഹിതമായ തുക നൽകിയിട്ടുള്ളത് ജില്ലാ പഞ്ചായത്തിലാണ്. ബാക്കി വിഹിതത്തെക്കുറിച്ച് തീരുമാനിക്കുന്നത് ജില്ലാ പഞ്ചായത്താണ്.

ചോദ്യനമ്പർ:5) ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് അപേക്ഷകൾ സ്വീകരിച്ചിട്ടില്ല. അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകുകയാണ് ഉണ്ടായത്. പ്രസ്തുത ലിസ്റ്റിലുള്ളവരെ മെഡിക്കൽ ക്യാമ്പ് നടത്തി പരിശോധിച്ച് അർഹരായവരെ തെരെഞ്ഞെടുത്തു.

ചോദ്യ നമ്പർ:6) ഇല്ല

ചോദ്യനമ്പർ:7)അപേക്ഷകൾ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ചോദ്യ നമ്പർ:8) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

ചോദ്യ നമ്പർ:9) ഹീറോ, 63,300/- രൂപ .

ചോദ്യ നമ്പർ:10) 36,08,100/- രൂപ

ചോദ്യ നമ്പർ:11) ഇ-ടെണ്ടർ മുഖേനയാണ് പർച്ചേസ് നടത്തിയത്.

മേൽ മറുപടിയിൽ ആക്ഷേപം ഉള്ള പക്ഷം അപ്പീൽ അധികാരിയായ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് - ന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

31.08

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യനീതി ഓഫീസ്
പാലക്കാട്.